കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമ്പന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)**

നം.കെ.എസ്.എ.-കെ.എൽ.എം.പി-7/ 1868/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി :26.2.2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുമ്പന ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-2, ഭാഗം-3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി

സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ്സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-കെ.എൽ.എം-പി.7/ 1868/18 തീയതി : 26.2.19

# കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കു കയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 11.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. പി. മാത്യൂ റോയി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |

<table>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">12.09.2018 മുതൽ<br>26.09.2018 വരെ</td></tr>
<tr><td rowspan="4">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീ. അമ്പിളി എം.ഡി</td><td>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)</td></tr>
<tr><td>ശ്രീ.അനിൽ ആർ</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി. മഞ്ജുള സാഗർ</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.ബിന്ദു നായർ</td><td>ഓഡിറ്റർ</td></tr>
<tr><td colspan="3">(ബി)നിർവ്വഹണാധികാരികൾ</td></tr>
<tr><td>പ്രസിഡന്റ്</td><td>ശ്രീ. നാസറുദ്ദീൻ</td><td>01.04.2017 മുതൽ 31.03.2018 വരെ</td></tr>
<tr><td>സെക്രട്ടറി</td><td>ശ്രീ.ഹാരീസ് മുഹമ്മദ് കോയ</td><td>01.04.2017 മുതൽ 31.3.2018 വരെ</td></tr>
<tr><td colspan="3">നിർവ്വഹണഉദ്യോഗസ്ഥർ</td></tr>
<tr><td>ഉദ്യോഗപ്പേര്</td><td>പേര്</td><td>കാലയളവ്</td></tr>
<tr><td>അസിസ്റ്റന്റ് എഞ്ചിനീയർ</td><td>ശ്രീ.പ്രദിപ്കുമാർ.എൻ</td><td>01.04.2017 മുതൽ 31.03.2018 വരെ</td></tr>
<tr><td>മെഡിക്കൽ ഓഫീസർ(അയൂർവേദം)</td><td>ഡോ. ശ്രീജ.ഒ. കെ</td><td>1.04.2017 മുതൽ 31.03.2018</td></tr>
</table>

| | | |
|---|---|---|
| | | വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദിൽഷ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ. അനീഷ് പി.ഐ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സീന.എസ്.എൽ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കസ്തൂരി പി റ്റി | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി.അനിതകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഷൈനി.ബി.എസ്. | 1.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശ്രീജ എസ് എൽ | 01.04.2017 മുതൽ 23.9.17 വരെ |
| | ശ്രീമതി. സുജിത.എസ് | 24.09.2017 മുതൽ |

| | | |
|---|---|---|
| | | 31.3.18 വരെ |
| ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. റിയാസ് എ എം | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രതീഷ് ബാബു എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. അജയ് വർഗ്ഗീസ് | 3.08.2017 മുതൽ 8.03.2018(AN) വരെ |
| | ശ്രീമതി.മോനിഷ.എം.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. അനന്ദു സജി | 01.04.2017 മുതൽ 3.08.2017 വരെ 8.03.2018(AN) മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | സ്ഥാപന തൊഴിൽനികുതി ഒടുക്കിയതായി കാണുന്നില്ല. | 2-1 |
| 14 | ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല. | 2-2 |
| | ഭാഗം 3 | |
| 15 | കരാർ കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ലിക്വിഡേറ്റിംഗ് ഡാമേജസ് ഈടാക്കിയിട്ടില്ല | 3-1 |

| | | |
|---|---|---|
| 16 | നീക്കിയിരിപ്പുള്ള കേന്ദ്രവിഹിതം അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന്ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്. | 3-2 |
| 17 | ഒരേ സമയം രണ്ട് പ്രവർത്തികളിൽ ഏർപ്പെട്ടതായി രേഖയുണ്ടാക്കി തുക കൈപ്പറ്റി- ഓഡിറ്റിൽ അംഗീകരിക്കാത്ത തുക -4,500/-രൂപ | 3-3 |
| 18 | രേഖകൾപ്രകാരം ഗുണഭോക്തൃസമിതി ചേരുന്നത് പ്രവൃത്തി ചെയ്ത് മാസങ്ങൾക്കു ശേഷം | 3-4 |
| 19 | പാലിയേറ്റീവ് പരിരക്ഷ ലഭിക്കുന്ന കിടപ്പ് രോഗികൾക്ക് കട്ടിൽ-വാങ്ങിയവ എല്ലാം വിതരണം നടത്തിയില്ല. 7800/- രൂപ നിരാകരിക്കുന്നു(പ്രോജക്ട് നം.231/18) | 3-5 |
| 20 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -വകയിരുത്തിയ തുക പൂർണ്ണമായിട്ട് ചെലവാക്കിയില്ല. (വകയിരുത്തിയ തുക-10,00,000/- ചെലവായ തുക-7,94,800/- (പ്രോജക്ട് നം.30/18) | 3-6 |
| 21 | കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 22 | മരുന്നുകൾ പൂർണ്ണമായിട്ട് ലഭ്യമാക്കിയില്ല. | 3-8 |
| 23 | എസ്.എൽ.ഐ പ്രീമിയം ഈടാക്കിയത് സംബന്ധിച്ച് | 3-9 |
| 24 | മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ അധിക തുക ചെലവഴിച്ചു. | 3-10 |
| 25 | കലാഗ്രാമം പദ്ധതി-എസ്.0107/18 (സ്പിൽ | 3-11 |

| | | |
|---|---|---|
| | ഓവർ) മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | |
| 26 | സ്കൂൾ കുട്ടികൾക്കുള്ള സാനിറ്ററി നാപ്കിൻ വിതരണം-50% തുക നൽകിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല.(സ്പിൽ ഓവർ) | 3-12 |
| 27 | കുടിവെള്ള വിതരണം- രേഖകൾ ഹാജരാക്കിയില്ല, ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക 199,845/-രൂപ | 3-13 |
| 28 | മഴക്കാലപൂർവ്വ ശുചീകരണം- ഉറവിട നശീകരണം നടത്തിയതിന് തെളിവില്ല | 3-14 |
| 29 | വിനിയോഗ പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല- തുകതടസ്സപ്പെടുത്തുന്നു. | 3-15 |
| 30 | തൊഴിലുറപ്പ് പദ്ധതിയിലൂടെ ഫലവൃക്ഷതൈകളുടെ നഴ്സറി നിർമ്മാണം പദ്ധതി- പാഴ്ചെലവ് | 3-16 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത ഓഡിറ്റ്റിപ്പോർട്ട് | 4-7 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം-1 | 1 |

| | | |
|---|---|---|
| | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | |
| 42 | അനുബന്ധം-2 | 2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.3.2017.തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 8.3.18തീയതിയിലെ 1- ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 12-6-18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18-6-18 മുതൽ 19-6-18 വരെ | നം.കെ.എസ്.എ. കെ.എൽ.എം.പി7/ 1266/18, 30.8.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,88,14,494 |
| വരവ് | 10,15,36,461 |
| ആകെ | 13,03,50,955 |

| | |
|---|---|
| ചെലവ് | 11,95,72,740 |
| നീക്കിയിരിപ്പ് | 1,07,78,215 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 2,88,95,105 | 2,88,95,105 | 2,66,20,163 | 22,74,942 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 1,36,03,318 | 1,36,03,318 | 89,86,067 | 46,17,251 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 8,996 | 8,996 | 8,996 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 72,33,000 | 72,33,000 | 70,88,730 | 1,44,270 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 62,62,575 | 62,62,575 | 62,31,136 | 31,436 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,32,07,758 | 1,32,07,758 | 1,19,63,385 | 12,44,373 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 21,58,766 | 21,58,766 | 17,90,005 | 3,68,761 |
| സാക്ഷരത | | 624 | 64 | 688 | - | 688 |
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം.ജി.എൻ .ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 1,79,00,556 | 1,79,00,556 | 1,79,00,556 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 18,837 | 9,00,783 | 9,19,620 | 5,48,077 | 3,71,543 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | - | - | 22,83,741 | - | - |
| | Specific Purpose | - | 12,500 | - | - | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | തൊഴിൽ രഹിത വേതനം | - | 2,05,920 | 2,05,920 | 2,05,920 | - |
| വിവാഹ ധനസഹായം | | | 1,80,000 | 1,80,000 | 1,80,000 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 31,81,202 | 31,81,202 | 26,81,202 | 5,00,000 |
| | ജില്ലാ പഞ്ചായത്ത് | | 9,97,718 | 9,97,718 | 9,95,018 | 2,700 |
| ബി ഫണ്ട് | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് DCB | 74,71,213 | 1,62,00,584 | 2,36,71,797 | 1,52,27,253 | 84,44,544 |
| | SCB | 56,243 | 2,812 | 59,055 | - | 59,055 |
| | ട്രഷറി അക്കൗണ്ട് | 2,08,73,268 | 1,85,23,018 | 3,93,96,286 | 3,99,43,386 | 5,47,100 |
| മറ്റിനം Kerala Gramin Bank | | 8,316 | 17,514 | 25,830 | - | 25,830 |
| SBI-Total sanitation | | 1,25,451 | 4,673 | 1,30,124 | - | 1,30,124 |
| SBI Kudumbasree | | 19414 | 674 | 20,088 | | ,20,088 |
| Canara Bank ownfund | | - | - | - | - | 14,93,663 |
| SBI E payment | | - | - | - | - | 10,043 |

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 11,53,15,248 | 167 | 7,44,07,207 | 4 | 45 | 77.3 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1.കാർഷിക സേവനങ്ങൾക്ക് സബ്സിഡി(പദ്ധതി നം.SO080/18)

2.ഐ എസ് ഒ സർട്ടിഫിക്കേഷൻ(പദ്ധതി നം.SO74/18)

3.പഞ്ചായത്ത് ആസ്തികൾ അളന്നു തിട്ടപ്പെടുത്തൽ(പദ്ധതി നം.SO77/18)

4.ടോക്കൻ മഷീൻ , ഡിസ്പ്ലേ ബോർഡ്( പദ്ധതി നം.SO76/18)

5.സർവർ റൂം ശീതീകരിക്കലും നെറ്റ് വർക്കിംഗ്(പദ്ധതി നം.SO78/18)

6.കുടിവെള്ള വിതരണം(പദ്ധതി നം.SO129/18)

## 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15,68,43,153 | 9,00,763 | 9,19,620 | 5,48,077 | 3,71,543 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 1,79,00,556 | 1,79,00,556 | 1,79,00,556 | - |

## 1-8 <u>ക്ഷേമ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,05,920 | 353 |
| കർഷകതൊഴിലാളി പെൻഷൻ | 54,75,700 | 482 |
| വിധവാപെൻഷൻ | 2,60,43,100 | 2,593 |
| വാർദ്ധക്യകാലപെൻഷൻ | 2,46,65,500 | 2,378 |
| വികലാംഗപെൻഷൻ | 93,40,400 | 794 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,53,000 | 354 |
| വിവാഹധനസഹായം | 1,80,000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-9-18 -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,64,638/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾ അളന്നു തിട്ടപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സുതാര്യമല്ല. ഇത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യഥാവിധി പദ്ധതി അവലോകനം നടത്താതിരുന്നതിൻെറ തെളിവാണ്. ഫണ്ട് വിനിയോഗം തൃപ്തികരമല്ല, വികസനഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട

ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.9.2018 | 7/18 -8/18 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.5.2018 | 2013-14 മുതൽ 2017-18 വരെ | ഇല്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1.3 പ്രകാരമുള്ള സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.Rent&Building ഇനത്തിലുള്ള മുൻകൂർ വരവ് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2.Prof tax traders ന്റെ മുൻകൂർ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3.ബി12-ഷെഡ്യൂലിൽ ഉൾപ്പെട്ടിട്ടുള്ള ഇൻവെസ്റ്റ്മെന്റിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.ബി14-ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്റ്റോക്ക് പരിശോധി ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5.ബി11-ഷെഡ്യൂളിൽ 410710103 ഹെഡിൽ മുൻവർഷ ബാലൻസ് ഷീറ്റിലെ തുകയും, തന്നാണ്ടിലെ ഈ ഹെഡിലെ ആസ്തിയും കൂടി ഉൾപ്പെട്ട തുകയല്ല തന്നാണ്ടിലെ ബി11-ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്(വ്യത്യാസം 86,000/-)

6.തൻവർഷ I -17(a) ഷെഡ്യൂളിൽ Depreciation Sewerage and Drainage ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ തൻവർഷ ബി-11-ൽ ഫിക്സഡ് അസ്സറ്റ് ആയി

ഉൾപ്പെടുത്തുകയോ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7.I & E, I 5(b) ഷെഡ്യൂളിലെ 150100110, 150100199, 150120103, 150120105 എന്നീ ഹെഡ്ഡുകളിലെ ഡിമാന്റ് തുകയും RP-5 ലെ വരവ് തുകയും പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8.തന്നാണ്ടിൽ സ്റ്റെയിൽ ചെക്ക് ആയി 5,649/-രൂപ ഉണ്ടെങ്കിലും, ബാലൻസ് ഷീറ്റ് ബി9-ഷെഡ്യൂളിൽ other Liabilities ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ RP 36-ൽ Other Liabilities Liabilities in c/o stale cheque ഇനത്തിൽ 20,829/-രൂപയുടെ വരവും ഇതേ ഹെഡിൽ പേയ്മെന്റ് ഇനത്തിൽ 40,631/-രൂപയുടെ ചെലവും വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

9.ആസ്തിരജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധിച്ച വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

10.ഓഡിറ്റ് റിക്കവറി ഇനത്തിൽ 15,640/-രൂപയുടെ വരവുണ്ടെങ്കിലും, 4,876/-രൂപയുടെ വിശദാംശം മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ഏതിനത്തിലുള്ള റിക്കവറിയാണെന്നത് വ്യക്തമാക്കേണ്ടതാണ്.

11. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയുടെ നീക്കിയിരിപ്പും, balance sheet പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ബി എസ് എൻ എൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( 5/25.9.18 ) നൽകിയിരുന്നു. ബി എസ് എൻ എൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് 2016-17, 2017-18 രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമാണ്.

## 2-2 ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫീയായ 1,77,170/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാർ കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ലിക്വിഡേറ്റിംഗ് ഡാമേജസ് ഈടാക്കിയിട്ടില്ല. നഷ്ടം- 24,898/-രൂപ

കേരളാ പി.ഡബ്ല്യു.ഡി മാന്വൽ 2012, 2116.1(1) പ്രകാരം നിശ്ചിത കരാർ കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും കോൺട്രാക്ട് തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ച്ചയും ലിക്വിഡേറ്റിംഗ് ഡാമേജസ് ഈടാക്കേണ്ടതായുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ നിന്നും ലിക്വിഡേറ്റിംഗ് ഡാമേജസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | എഗ്രിമെന്റ് നമ്പരും തീയതിയും | പ്രവർത്തി പൂർത്തി യാക്കേണ്ട തീയതി | പൂർത്തി യാക്കിയ തീയതി | പി.എ.സി. തുക | കാലതാമസം ആഴ്ചയിൽ | 0.1% നിരക്കിൽ പിഴ തുക |
|---|---|---|---|---|---|---|---|
| 1 | ഖാദി ജംഗ്ഷൻ മൂലങ്കുഴി റോഡ് റീടാറിംഗ്<br>200/18 | 48/എ.ഇ. /എൽ.എസ്.ജി.ഡി. /എൻ.ഡി.പി.എൻ/<br>16-17/22.02.17<br>എം.സജയൻ,<br>വിളയിൽ വീട്,<br>കുമ്മല്ലൂർ<br>എം.ബുക്ക് നം.66/17-18 | 22.6.17 | 16.11.17 | 250737 | 21 | 5265 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | മീയണ്ണൂർ സ്കൂൾ മെയിന്റനൻസ് 204/18 | 47എ.ഇ./എൽ.എസ്.ജി.ഡി. /എൻ.ഡി.പി.എൻ/ 16-17/22.02.17 എം.സജയൻ, വിളയിൽ വീട്, കുമ്മല്ലൂർ എം.ബുക്ക്നം. 75/17-18 | 21.6.17 | 21.10.17 | 2,66,350 | 17 | 4,528 |
| 3 | കുളപ്പാടം വായനശാല പഞ്ചായത്ത് റോഡ് റീടാറിംഗ്210/18 | 50എ.ഇ./എൽ.എസ്.ജി.ഡി. /എൻ.ഡി.പി.എൻ/ 16-17/22.02.17 എം.സജയൻ, വിളയിൽ വീട്, കുമ്മല്ലൂർ എം.ബുക്ക് നം.65/17-18 | 21.6.17 | 20.10.17 | 2,91,463 | 17 | 4,955 |
| 4 | പണ്ടാരത്തുണ്ടിൽ ക്ലേമൈൻസ് റോഡ് റീടാറിംഗ്233/18 | 51/എ.ഇ. /എൽ.എസ്.ജി.ഡി. /എൻ.ഡി.പി.എൻ/ 16-17/16.03.17 ജി.വിജയൻപിള്ള, മീനഭവൻ, നല്ലില എം.ബുക്ക് നം.92/16-17 | 15.6.17 | 19.9.17 | 7,25,000 | 14 | 10,150 |
| ആകെ ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കാത്തതിലുണ്ടായ നഷ്ടം | | | | | | | 24,898 |

ടി തുക നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 <u>നീക്കിയിരിപ്പുള്ള കേന്ദ്രവിഹിതം അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്. കേന്ദ്രവിഹിതം **15,44,451/-**രൂപ അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതാണ്.</u>

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 48 അങ്കണവാടികളികളിൽ 35 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. അവശേഷിക്കുന്ന 13 അങ്കണവാടികളിൽ മൂന്നെണ്ണം പഞ്ചായത്തിന്റെ തന്നെ കെട്ടിടങ്ങളിലും ബാക്കിയുള്ളവ വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. വൈദ്യുതി,

കുടിവെള്ള സൗകര്യം 34 എണ്ണത്തിനും ടോയ്ലറ്റ് സൗകര്യം, ഗ്യാസ് കണക്ഷൻ എന്നിവ 38 എണ്ണത്തിനും, ചുറ്റുമതിൽ 18 എണ്ണത്തിനും മാത്രമാണുള്ളത്. 2017-18 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമിനത്തിൽ 15,42,451/-രൂപ തനതുഫണ്ടിൽ നീക്കിയിരിപ്പുണ്ട്. 3.9.10 ലെ സർക്കുലർ നം. 39033/ഡി.വി.2/10/ ത.സ്വ.ഭ.വ പ്രകാരം കേന്ദ്രവിഹിതമിനത്തിൽ അവശേഷിക്കുന്ന തുക വിനിയോഗിച്ച് സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനും കളിക്കോപ്പുകൾ, സംഭരണികൾ, പാചകപാത്രങ്ങൾ എന്നിവ വാങ്ങുന്നതിനും ചെലവഴിക്കാമെന്നും വ്യക്തമാക്കുന്നു. ആയതിനാൽ ടി തുക വിനിയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ഭരണ സമിതി വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## **3-3** <u>ഒരേ സമയം രണ്ട് പ്രവർത്തികളിൽ ഏർപ്പെട്ടതായി വ്യാജരേഖയുണ്ടാക്കി തുക കൈപ്പറ്റി- ഓഡിറ്റിൽ അംഗീകരിക്കാത്ത തുക **-4,500/-**രൂപ</u>

12.7.2017, 13.7.2017, 14.7.2017, 15.7.2017 എന്നീ തീയതികളിൽ മഴക്കാല പൂർവ്വശുചീകരണത്തിൻെറ ഭാഗമായി പതിനൊന്നാം വാർഡിലെ കുണ്ടുമൺ പാലം, കാട്ടുവിള, വള്ളക്കടവ് എന്നീ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തിയതിന് വൗച്ചർ നം. 1 മുതൽ 7 വരെ 900/- രൂപ വീതം എൻ. ആർ.ഇ.ജി.എസ് തൊഴിലാളികളായ ഷാഹുൽ ഹമീദ്, റഹ്മത്ത്, സീനത്ത്, അസനാരുകുഞ്ഞ്, സുഹ്റാബീവി, ബഷീർകുട്ടി എന്നിവർ കൈപ്പറ്റിയിട്ടുണ്ട്. എൻ. ആർ.ഇ.ജി.എസ് ജോബ് കാർഡ് പ്രകാരം ബഷീർകുട്ടി ഒഴികെയുള്ളവർ , താഴെ പറയും പ്രകാരം 6,11,12 വാർഡുകളിൽ NREGS പദ്ധതിയായ നഴ്സറി നിർമ്മാണത്തിൽ പങ്കെടുത്തിട്ടുണ്ട്.

1.സുഹ്റാ ബീവി- 11.7.2017 മുതൽ 7 ദിവസം, (258 x4=1032)

2.റഹ്മത്ത്- 11.7.2017 മുതൽ 6 ദിവസം, (258 x4=1032)

3.സീനത്ത്- 11.7.2017 മുതൽ 6 ദിവസം,(258 x4=1032)

4.അസനാരുകുഞ്ഞ്-11.7.2017 മുതൽ 6 ദിവസം,(258 x4=1032)

5.ഷാഹുൽഹമീദ്-11.7.2017 മുതൽ 6 ദിവസം,(258 x4=1032)

ഒരേ സമയത്ത് രണ്ട് പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പ്രതിഫലം

കൈപ്പറ്റിയതെങ്ങനെയെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. മഴക്കാല പൂർവ്വശുചീകരണത്തിൻെറ ഭാഗമായി ബഷീർകുട്ടി ഒഴികെയുള്ളവർക്ക നൽകിയ ആകെത്തുകയായ 5,400/- രൂപ (900 x 5) അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.14/26.9.2018

## 3-4 രേഖകൾ പ്രകാരം ഗുണഭോക്തൃസമിതി ചേരുന്നത് പ്രവൃത്തി ചെയ്ത് മാസങ്ങൾക്കുശേഷം

2016-17, 2017-18 വർഷങ്ങളിൽ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലെ കിണറുകൾ വൃത്തിയാക്കിയതിന് വൗച്ചർ പ്രകാരം ചെലവു തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവയിൽ ചുവടെ പരാമർശിക്കുന്നവയിൽ ശുചീകരണ പ്രവർത്തനങ്ങൾ കഴിഞ്ഞ് മാസങ്ങൾക്ക ശേഷമാണ് കിണർ ശുചീകരണത്തിനായി ഗുണഭോക്തൃസമിതിചേർന്ന് തീരുമാനമെടുത്ത് കൺവീനറെ തെരഞ്ഞെടുത്തത്.

| വൗച്ചർ നം., തുക(രൂ) | ഉദ്ദേശം | റിമാർക്സ് |
|---|---|---|
| 21700657/31.10.17 2060/- | മസ്റ്റർ റോൾ പ്രകാരം 4 പേർ 2017 ഫെബ്രുവരി 17-ാം തീയതി 19-ാം വാർഡിലെ അപ്പാരൽ പാർക്കിലെ പൊതു കിണർ വൃത്തിയാക്കിയതിനു നൽകിയ തുക | 14.6.2017 തീയതിയിൽ ചേർന്ന ഗുണഭോക്തൃസമിതി മീറ്റിംഗിലാണ് പൊതുക്കിണർ വൃത്തിയാക്കുന്നതിനായി തീരുമാനിച്ച് കൺവീനറെ തെരഞ്ഞെടുത്തത്. |
| 21700658/31.10.17 2060/- | മസ്റ്റർ റോൾ പ്രകാരം 4 പേർ 2017 ഫെബ്രുവരി 18-ാം തീയതി 19-ാം വാർഡിലെ പൊതുകിണർ വൃത്തിയാക്കിയതിനു നൽകിയ തുക | 15.6.2017 തീയതിയിൽ ചേർന്ന ഗുണഭോക്തൃസമിതി മീറ്റിംഗിലാണ് പൊതുക്കിണർ വൃത്തിയാക്കുന്നതിനായി തീരുമാനിച്ച് കൺവീനറെ തെരഞ്ഞെടുത്തത്. |
| 21700686/7.11.17 2060/- | മസ്റ്റർ റോൾ പ്രകാരം 4 പേർ | 9.6.2017 തീയതിയിൽ ചേർന്ന |

| | | |
|---|---|---|
| | 2017 ഏപ്രിൽ 8-ാം തീയതി പഴങ്ങാലം ഹെൽത്ത് സെൻററിനു സമീപമുള്ള പൊതുകിണർ വൃത്തിയാക്കിയതിനു നൽകിയ തുക | ഗുണഭോക്തൃസമിതി മീറ്റിംഗിലാണ് പൊതുക്കിണർ വൃത്തിയാക്കുന്നതിനായി തീരുമാനിച്ച് കൺവീനറെ തെരഞ്ഞെടുത്തത്. |
| 21700687/7.11/17 2060/- | മസ്റ്റർ റോൾ പ്രകാരം 4 പേർ 2017ഏപ്രിൽ 10-ാം തീയതി 23-ാം വാർഡിലെ രാജീവ് ഗാന്ധി കോളനിയിലെ പൊതു കിണർ വൃത്തിയാക്കിയതിനു നൽകിയ തുക | 7.8.2017 തീയതിയിൽ ചേർന്ന ഗുണഭോക്തൃസമിതി മീറ്റിംഗിലാണ് പൊതുക്കിണർ വൃത്തിയാക്കുന്നതിനായി തീരുമാനിച്ച് കൺവീനറെ തെരഞ്ഞെടുത്തത്. |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭിച്ചില്ല. രേഖകളുടെ ആധികാരികതയിൽ വ്യക്തതയില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 8,240/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം. 9/23.9.18

## 3-5 <u>പാലിയേറ്റീവ് പരിരക്ഷ ലഭിക്കുന്ന കിടപ്പ് രോഗികൾക്ക് കട്ടിൽ വാങ്ങിയവ എല്ലാം വിതരണം നടത്തിയില്ല. 7,800/-രൂപ നിരാകരിക്കുന്നു</u>

പ്രോജക്റ്റ് നം.231/18

അടങ്കൽ തുക=2,53,500

ചെലവഴിച്ച തുക=2,49,600/-(ബിൽ നം.17/27.2.2018)

പാലിയേറ്റീവ് പരിരക്ഷ ലഭിക്കുന്ന കിടപ്പ് രോഗികൾക്ക്കട്ടിൽ നൽകുന്നതിനായി കെ.എസ്സ്.ഫർണിച്ചർ എന്ന സ്ഥാപനത്തിന്ഒരു കട്ടിലിന് 3900/- രൂപ എന്ന നിരക്കിൽ 64 കട്ടിലുകൾക്ക് 2,49,600/- രൂപ നൽകി.ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഹാജരാക്കിയവിതരണ രേഖ പ്രകാരം62 കട്ടിലുകൾ മാത്രമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുള്ളത്. ഇതു കൂടാതെ ഒരേ കുടുംബത്തിലെ രണ്ടു പേർക്കും കട്ടിൽ നൽകിയിട്ടുണ്ട്. (ശ്രീ.പ്രസാദ്, ശ്രീ.പ്രിൻസ് എന്നിവർക്ക്, ഇതിൽ ശ്രീ.പ്രിൻസിന്റെ അപേക്ഷ മാത്രമാണ് ഫയലിലുള്ളത്). അതേ പോലെ ശ്രീ. വാസുദേവൻ പിള്ള, ശ്രീമതി

ഫാത്തിമ എന്നിവരുടെ മേൽവിലാസങ്ങളിൽ വ്യത്യാസം ഉണ്ട്. ശ്രീമതി വിശാലാക്ഷിയുടെ അപേക്ഷയും ഫയലിൽ ഇല്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഹാജരാക്കിയ വിതരണ രേഖ പ്രകാരം രണ്ടു പേർക്ക് കട്ടിൽ നൽകിയിട്ടില്ലാത്തിനാൽ ചെലവായ

7,800/- രൂപ നിരാകരിക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 13, 26.9.18
നിരാകരിച്ച തുക-7,800/- രൂപ

## **3-6** ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-വകയിരുത്തിയ തുക പൂർണ്ണമായിട്ട് ചെലവാക്കിയില്ല.(വകയിരുത്തിയ തുക **-10,00,000/-** ചെലവായ തുക**-7,94,800/)**

പ്രോജക്റ്റ് നം.30/18
ബിൽ നം.11/27.1.18-3,53,400/-
ബിൽ നം.16/27-2.18-1,31,000/-
ബിൽ നം.20/21.3.18-15,600/-
ചെക്ക്നം.3101788/28.3.18-2,44,800/-
ചെക്ക്നം.3101779/28.3.18-50,000/-

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യഗസ്ഥയായ പദ്ധതിയിൽ ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് വർഷം മുഴുവനും സ്കോളർഷിപ്പ് നൽകാൻ സാധിച്ചിട്ടില്ല. 10,00,000/- രൂപ വകയിരുത്തിയ പദ്ധതിയിൽ 7,94,800/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത്, ബോള്ക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക മുഴുവനും ചെലവാക്കത്തിനാൽ 112 കുട്ടികൾക്ക് 9 മാസം മാത്രമേ സ്കോളർഷിപ്പ് നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വർഷം മുഴുവനും സ്കോളർഷിപ്പ് ലഭിക്കുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ആയതിലേക്ക് ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി,നിർവ്വഹണോദ്യഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർ എന്നിവർ മറുപടി ലഭ്യമാക്കേണ്ടതാണ്.

## **3-7** കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെട്ടുത്തുന്നു.

1)പൊലിയോപൊലി---വിനിയോഗസാക്ഷ്യപത്രം ഇല്ല.

35,000/- രൂപ തടസ്സപ്പെടുത്തുന്നു(248/18)

പൊലിയോപൊലി എന്ന പദ്ധതിക്കായി ബിൽനം.23/22-3-18 പ്രകാരം 35,000/-രൂപ ജില്ലാ പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ

35,000/-രൂപ തടസ്സപ്പെടുത്തുന്നു.

2)ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. 28,59,625/-രൂപ തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ കർഷകരുടെ അപേക്ഷകൾ, കരം അടച്ച രസീത് എന്നിവ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ സ്ഥലവിസ്തൃതിക്ക് അനുസരിച്ചാണ് സബ്സിഡി നൽകിയത് എന്നത് പരിശോധിക്കാൻ

സാധിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നം./ബിൽ നം | തുക(രൂപ) |
|---|---|
| ജൈവ പച്ചകറികൃഷി (173/18)<br>ബിൽ നം.3/24-2-18 | 1,40,000 |
| സമഗ്ര പുരയിടകൃഷി(175/18)<br>ബിൽ നം.2/18-11-17-4,12,500<br>ബിൽ നം.4/24-2-18-5,77,500<br>ബിൽ നം.6/24-2-18-1,68,000<br>ബിൽ നം.7/24-2-18-63,000<br>ബിൽ നം.10/12-3-18-3,12,000<br>ബിൽ നം.13/12-3-18-4,12,500<br>ബിൽ നം.14/12-3-18-37,500<br>ബിൽ നം.21/22-3-18-1,12,500<br>ബിൽ നം.22/22-3-18-1,17,000<br>ബിൽ നം.25/22-3-18-2,50,000<br>ബിൽ നം.26/26-3-18-11,250<br>ബിൽ നം.28/26-3-18-6,250 | 24,80,000 |

| | |
|---|---|
| ഫലവൃക്ഷതൈ വിതരണം (179/18)<br>ബിൽ നം.12/12-3-18 | 75,000 |
| ഹരിത ഭവനം (190/18)<br>ബിൽ നം.29/31-3-18 | 1,64,625 |
| ആകെ | 28,59,625 |

ഓഡിറ്റ് എൻക്വയറി പ്രകാരം രേഖകൾ ആവശ്യപ്പെട്ടങ്കിലും ആയത് ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ 28,59,625/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.8/24.9.18

തടസ്സപ്പെടുത്തിയ തുക-28,59,625/- രൂപ

## 3-8 മരുന്നുകൾ പൂർണ്ണമായിട്ട് ലഭ്യമാക്കിയില്ല പദ്ധതികളിലെ അപാകതകൾ മെഡിക്കൽ ഓഫീസർ സി.എച്ച്.സി.നിർവ്വഹണോദ്യഗസ്ഥനായ പദ്ധതികളിലെ അപാകതകൾ

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ

പ്രോജക്റ്റുകളിൽ മരുന്നുകൾ ഇനിയും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്/നം | സ്ഥാപനത്തിന്റെ പേര് | ബിൽ നം/ തീയതി | മരുന്നുകളുടെ ആകെ വില | ലഭ്യമാക്കേണ്ട മരുന്നുകളുടെ വില |
|---|---|---|---|---|
| വയോജനങ്ങളുടെ സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ പരിപാടി (156/18) | ഔഷധി | 2/30-10-17 | 2,00,000/- | 7,190/- |
| നിരാശ്രയ (31/18) | ഔഷധി | 1/30-10-17 | 4,75,000/- | 28,060/- |

60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കാം എന്ന കരാർ ഉണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ഔഷധിയിൽ നിന്ന് ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നിർവ്വഹണോദ്യോഗസ്ഥ നടപടികൾ സ്വീകരീക്കേണ്ടതാണ്.

## 3-9 എസ്.എൽ.ഐ പ്രീമിയം ഈടാക്കിയത് സംബന്ധിച്ച്

നെടുമ്പന ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം ഒടുക്കുന്നത് GO(P)149/16Fin.dated, 4.10.2016 പ്രകാരം അടിസ്ഥാന

ശമ്പളനിരക്കനുസരിച്ചല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എസ് എൽ ഐ

| ജീവനക്കാരുടെ പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം(രൂപ) | ശമ്പള സ്ലാബ് | ഈടാക്കേണ്ട ഇൻഷ്വറൻസ് തുക(രൂപ) | ഈടാക്കിയ തുക(രൂപ) |
|---|---|---|---|---|---|
| ശ്രീമതി.രജനി.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 38,500 | 30700-65400 | 500 | 250 |
| ശ്രീ. മുഹമ്മദ് ഷാ | സീനിയർ ക്ലാർക്ക് | 28,500 | 25200-54000 | 300 | 150 |

ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം അടിസ്ഥാനശമ്പളനിരക്കനു സരിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ അധിക തുക ചെലവഴിച്ചു

പദ്ധതി നം.-എസ്.0047/18

പദ്ധതിയുടെ പേര്-പട്ടിക ജാതി വിഭാഗത്തിലെ കുട്ടികൾക്ക്മേശയും, കസേരയും

നിർവ്വഹണം- ഹെഡ് മിസ്ട്രസ്, ഗവ.യു.പി.എസ്. നെടുമ്പന

ആകെ അടങ്കൽ-11,48,800/- (വികസന ഫണ്ട്, എസ്.സി.പി)

ചെലവ്- 4,72,062/-രൂപ(3,77,650/-രൂപ -ബിൽ നം.2/16-17, 31.12.16)

(94,412/-രൂപ-ബിൽ നം.8/17-18, 18/11/17)

പദ്ധതി- എസ്.0047/18-പട്ടിക ജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും (സ്പിൽ ഓവർ)

ചെലവഴിക്കാൻ ബാക്കിയുള്ള തുക- 6,76,738/-രൂപ

ചെലവ് – 6,44,000/-രൂപ (ബിൽ നം. 3/17-18, 31.3.2018)

2016-17 വർഷം ഫോറസ്റ്റ് ഇൻഡസ്ട്രീസിൽ നിന്നും മേശയും കസേരയും ഉൾപ്പെടുന്ന52 യൂണിറ്റുകൾ പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് നൽകിയിട്ടുണ്ട്.52 യൂണിറ്റുകളുടെ ആകെ വിലയായ 4,72,062/- രൂപയുടെ 80% ആയ 3,77,650/-രൂ 2016-17 ലും ബാക്കി 20% ആയ 94,412/-രൂപ 2017-18-ലും നൽകി. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ്) 4/16,തീ.16.3.2016 ) പ്രകാരം ഒരു യൂണിറ്റിന് പരമാവധി 4,000/-രൂപ മാത്രമേ ധനസഹായം നൽകാവൂ എന്നിരിക്കെ ഈ പദ്ധതിയിൽ ഒരു യൂണിറ്റിന് 9,078/-രൂപ നൽകിയിട്ടുണ്ട്. അതായത് ഒരു യൂണിറ്റിന് അധികമായി നൽകിയത്

5,078/-രൂപ, ഇപ്രകാരം ആകെ അധികം നൽകിയത് 2,64,056/-രൂപ( 52x 5078 രൂപ). എന്നാൽ 2017-18 ൽ ഇതേ പദ്ധതി സ്പിൽ ഓവറായി നടപ്പാക്കിയപ്പോൾ (എസ്.0047/18-പട്ടിക ജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും) കാഡ്കോയിൽ നിന്നും 161 യൂണിറ്റുകൾ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് 4,000/- രൂപ നിരക്കിലാണ് വാങ്ങിയത്. അതിനാൽ 2016-17 വർഷം ആരംഭിച്ച് 2017-18 വർഷം പൂർത്തിയാക്കിയ പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് അധികമായി ചെലവഴിച്ച 2,64,056/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റിൽ അംഗീകരിക്കാത്ത തുക- 2,64,056/-രൂപ

ഓഡിറ്റ് എൻക്വയറി നം. 3/17.9.18 (മറുപടി ലഭിച്ചില്ല)

## 3-11 കലാഗ്രാമം പദ്ധതി-എസ്.0107/18 (സ്പിൽ ഓവർ) മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പദ്ധതി-കലാഗ്രാമം പദ്ധതി-എസ്.0107/18 (സ്പിൽ ഓവർ )

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മിസ്ട്രസ്സ്

അടങ്കൽ തുക – 1,00,000/-രൂപ (വികസന ഫണ്ട്)

ചെലവ്- 50,000/-രൂപ (ബിൽ നം. 25/17-18, 20.3.18)

കലാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് കലാ ഉപകരണങ്ങളിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. എന്നാൽ ജി.ഒ.(എം.എസ്.)80/17; ത.സ്വ.ഭ.വ.തീയതി. 3.4.17 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇത്തരം പദ്ധതികൾ എസ്.എസ്.എ യുടെ അനുപൂരക പദ്ധതിയായി മാത്രമേ നടപ്പാക്കാവൂ . അതിനാൽ ഈ പദ്ധതിയിലൂടെ വികസനഫണ്ടിൻെറ ദുരുപയോഗമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.നം. 14/ 26.9.18, (മറുപടി ലഭിച്ചില്ല)

## 3-12 സ്കൂൾ കുട്ടികൾക്കുള്ള സാനിറ്ററി നാപ്കിൻ വിതരണം-50% തുക നൽകിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല.(സ്പിൽ ഓവർ)

പ്രോജക്റ്റ് നം.0143/18

അടങ്കൽ തുക- 1,22,731/-രൂപ( വികസനഫണ്ട്)

ചെലവ്- 41,260/-രൂപ (ബിൽ നം.19/17-18, 16.3.18)
നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

ഗവ.യു.പി.എസ്.നല്ലില,പഴങ്ങാലംഎന്നിവിടങ്ങളിലെ വിദ്യർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുക, സ്കൂളുകൾക്ക് ഇൻസിനറേറ്റർ, നാപ്കിൻ സൂക്ഷിക്കുന്നതിനായി അലമാര എന്നിവ വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് വിമൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് 50% തുക അഡ്വാൻസായി 41,260/-രൂപ നൽകുകയുണ്ടായെങ്കിലും നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ല. തുക മുൻകൂറായി വച്ചിരുന്നെങ്കിലും സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിരുന്നതുമില്ല. കേരളാ സ്റ്റേറ്റ് വിമൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 13.2.17-ൽ സെക്രട്ടറിക്കയച്ച kswdc/po1/she pad-lsgd/15-16 നം. കത്തിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നാവശ്യപ്പെട്ടെങ്കിലും നാളിതുവരെയും പ്രാവർത്തിക മാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 41,260/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടപ്പാക്കാൻ കാലതാമസം വരുത്തുന്ന പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി.നം. 14/26.9.18 (മറുപടി ലഭിച്ചില്ല)

## 3-13 കുടിവെള്ള വിതരണം- രേഖകൾ ഹാജരാക്കിയില്ല, ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക **1,99,845/-**രൂപ

ഗ്രാമ പഞ്ചായത്തിലെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്തതിന് 1,99,845/-രൂപ മുഹമ്മദ് ഷെമീർ ,പാറവിളവീട്, കുളപ്പാടം എന്ന് വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഇതിനായി ക്വട്ടേഷൻ നൽകിയതിൻെറയും അംഗീകരിച്ചതിൻെയും രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും നൽകാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,99,845/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| തുക (രൂപ) | വൗച്ചർനം. | വിശദാംശങ്ങൾ |
|---|---|---|
| 27,601/- | 21700039/17.4.2017 | വരൾച്ച ബാധിത പ്രദേശങ്ങളിൽ 28.3.17 മുതൽ 4.4.17 വരെ ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം |

| | | |
|---|---|---|
| | | ചെയ്തതിന്റെ ചെലവ്. |
| 74,417-/ | 21700163/23.5.17 | വരൾച്ച ബാധിത പ്രദേശങ്ങളിൽ മെയ് മാസം ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്തതിന്റെ ചെലവ്. |
| 97,827/- | 21700248/15.6.17 | വരൾച്ച ബാധിത പ്രദേശങ്ങളിൽ 8.5.17 മുതൽ 29.5.17 വരെ ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്തതിന്റെ ചെലവ്. |

## 3-14 മഴക്കാലപൂർവ്വ ശുചീകരണം- ഉറവിട നശീകരണം നടത്തിയതിന് തെളിവില്ല

23 വാർഡുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 1,15,000/-രൂപയും (വാർഡൊന്നിന്5000/-വീതം,വൗച്ചർനം.21700191/31.5.17), ശുചിത്വമിഷൻ ഫണ്ടായ 2,30,000/-രൂപയും (വാർഡൊന്നിന് 10,000/- വീതം, വൗച്ചർ നം.21700284/27.6.17) മെഡിക്കൽ ഓഫീസർ, സി.എച്ച്.സിക്കു നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 20-ാംവാർഡിലൊഴികെ മറ്റ് 22 വാർഡിലും ഉറവിട നശീകരണത്തിനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ, കൊതുകു വല എന്നിവ വാങ്ങിയതിന്റെ രേഖകൾ യാതൊന്നും ഇല്ല. കൂടാതെ16.3.17-ലെ നം.127/17 ത.സ്വ.ഭ.വ സർക്കുലാർ പ്രകാരം 30.6.17 ന മുൻപ് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയത് 31.7.2017 വരെയാണ്.രേഖകളിൽ ആധികാരികതയില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,45,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 വിനിയോഗ പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പദ്ധതി നമ്പർ, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽതുക | ബിൽ നം. തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | മീയ്യണ്ണൂർ കണ്ണനല്ലൂർ എസ്.സി കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | അസി.സെക്രട്ടറി | 6,72,484/രൂപ (ഗ്രാമ പഞ്ചായത്ത് വിഹിതം) 5,50,218/രൂപ (ജില്ലാ പഞ്ചായത്ത്) | 3/01771 /27.3.18 | |
| 2 | പുലിയില സംഘം കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | അസി.സെക്രട്ടറി | 7,46,750/- | 7/17-18 /28.3.18 | |
| 3 | പി.എം.എ.വൈ വിഹിതം - എസ്.സി-151/18 | അസി.സെക്രട്ടറി | 2,73,500 | 957417/8.2.18 | |
| 4 | പി.എം.എ.വൈ വിഹിതം -106/18 | സെക്രട്ടറി | 3,65,000 40,000 | 24/17-18 /31.1.18 20/17-18 /10.1.18 | |
| 5 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) ജനറൽ) | സെക്രട്ടറി | 5,74,000 | 17/17-18 /23.10.17 | |
| ആകെ | | | 32,21,952/- | | |

വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-16** തൊഴിലുറപ്പ് പദ്ധതിയിലൂടെ ഫലവൃക്ഷതൈകളുടെ നഴ്സറി നിർമ്മാണം പദ്ധതി- പാഴ്ചെലവ്

2016-17 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയായ 183/17 ഹരിത കേരളം - ഫലവൃക്ഷതൈകളുടെ പരിപാലനവും വിതരണവും തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവ്വഹണം നടത്തിയിരുന്നു. ടി പദ്ധതിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചകളും ക്രമക്കേടുകളും ചുവടെ ചേർക്കുന്നു.

1.കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയുടെ അടങ്കൽ തുകയായ 2,00,000/-രൂപയിൽ 1,50,000/-രൂപ തനത് ഫണ്ടും 50,000/-രൂപ

ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുമെന്നുമാണ് രേഖപ്പെടുത്തി യിട്ടുള്ളത്. ടി പദ്ധതി നിർവ്വഹണത്തിനായി കൃഷി ഓഫീസർ തനതു ഫണ്ടിൽ നിന്ന് 25/3/17ൽ 1,50,000/-രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ചെലവു പത്രിക പ്രകാരം 1,50,000/-രൂപ നൽകിയിട്ടുള്ളതായും കാണുന്നു. പരിശോധനയ്ക്കു ഹാജരാക്കിയ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പ്രകാരം പ്രസ്തുത പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തില്ല. എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന തുക കൂടി ഉൾപ്പെട്ട 2,00,000/- രൂപ തൈകൾ വാങ്ങുന്നതിനായി നൽകിയെന്ന് റെയ്ഡ്കോ യുടെ 27.3.17ലെ 0002760 ബില്ലിൽ നിന്നും വ്യക്തമാകുന്നു. തനത് ഫണ്ടിൽ നിന്നും നൽകിയ 1,50,000/-രൂപയിൽ അധികമായി നൽകിയ 50,000/-രൂപ എവിടെ നിന്നാണ് കണ്ടെത്തിയതെന്ന് വ്യക്തമാകുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

2.റെയ്ഡ്കോയുടെ ബില്ലിൽ ഫ്രൂട്ട്സ് സീഡിലിംഗ്സ് 2/-രൂപ നിരക്കിൽ 100000 എണ്ണം രേഖപ്പെടുത്തി 2,00,000/-രൂപ നൽകിയിട്ടുണ്ടെങ്കിലും ഏതിനം തൈകളാണെന്നോ, തൈകളുടെ ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

3.ടി പദ്ധതിയുടെ തുടർപദ്ധതിയായി തൈകൾ പരിപാലിച്ച് നഴ്സറി തുടങ്ങുന്നതിന് സാങ്കേതിക അനുമതി 001/ടി.സി/എൻ.ആർ.ഇ.ജി.എസ് / 17-18 തീയതി 10.04.2017 പ്രകാരം ലഭിച്ചത് 2,75,000/-രൂപ അടങ്കൽ തുകയ്ക്കാണ്. അതായത് തൈകൾ 27.03.2017-ൽ ലഭ്യമാക്കിയതിന് ശേഷമാണ് തുടർ പദ്ധതിയ്ക്ക് സാങ്കേതിക അനുമതി ലഭിച്ചത്.

4.ആക്ഷൻ പ്ലാനിൽ തെങ്ങ് കൃഷിക്ക് ആവശ്യമായ തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറി തുടങ്ങുന്നതിന് അംഗീകാരം ലഭിച്ച പദ്ധതിയാണ് ഫലവൃക്ഷതൈകളുടെ നഴ്സറി എന്നപേരിൽ നടപ്പിലാക്കിയത്.

5.നഴ്സറി തയ്യാറാക്കുന്നതിന് 100000 തൈകൾ പ്ലാൻ ഫണ്ടിൽ നിന്നും വാങ്ങിനൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെങ്കിലും 50,000 തൈകളും 50,000 വിത്തുകളും ലഭിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
കൃഷി ഓഫീസറുടെ പദ്ധതി പ്രകാരം 1,00,000 തൈകൾ വാങ്ങി നൽകിയതായാണ് കാണുന്നത്.50,000 വിത്തിൽ 25,000 മാത്രമേ മുളച്ചിട്ടുള്ളൂവെന്നും ആയതിനാൽ 75,000 തൈകൾക്കായി നഴ്സറി തയ്യാറാക്കുന്നതിനാണ് എസ്റ്റിമേറ്റ് എടുക്കുന്നതെന്നും എൻ.ആർ.ഇ.ജി.എസ്. എഞ്ചിനീയർ ഫയലിലെ പേജ് 9 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

6.നഴ്സറി തുടങ്ങുന്നതിനാവശ്യമായ മണ്ണ്,കവർ,ചകിരിച്ചോർ, ചാണകം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിയ്ക്കുമെന്ന് ഫയലിലെ പേജ് 19 ലെ പ്രോജക്ട് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ എപ്രകാരം എവിടെ നിന്ന് ലഭ്യമാകുമെന്നോ ഇതിന്റെ വില എപ്രകാരം എവിടെ നിന്ന് ലഭ്യമാകുമെന്നോ ഇതിന്റെ വില ഏത് ഫണ്ടിൽ നിന്നും കണ്ടെത്തുമെന്നോ ഉള്ള വിവരം രണ്ട് പ്രോജക്ടിലും ഉൾപ്പെടുത്തിയിട്ടില്ല.

7.ഫയലിലെ മസ്റ്റർ റോൾ പ്രകാരം നഴ്സറി നിർമ്മാണത്തിനാവശ്യമായ പ്രവൃത്തി ആരംഭിച്ചത് 27.4.2017 മുതൽ മാത്രമാണ്. 27.3.2017 ൽ ലഭ്യമായ തൈകൾ ഒരു മാസക്കാലം എവിടെയാണ് സൂക്ഷിച്ചിരുന്നത് എങ്ങനെയെന്ന് വ്യക്തമല്ല. ചെറിയ തൈകൾ ഒരു മാസക്കാലം ഒരു പരിചരണവും കൂടാതെ വേനൽക്കാലം അതിജീവിച്ചതെങ്ങനെയെന്ന് വ്യക്തമാക്കുന്ന രേഖകളില്ല.

8.പ്രവൃത്തിയുടെ എം.ബുക്ക് നം.36/16-17 പേജ് നമ്പർ 11 മുതൽ 24 വരെയുള്ള രേഖപ്പെടുത്തലുകളിൽ ഇനം.(1)ആയി കവർ നിറയ്ക്കുന്നതിനായുള്ള മണ്ണ് അരിച്ചെടുത്ത്, ചാണകം, ചകിരിച്ചോർ എന്നിവയുമായി യോജിപ്പിച്ചതിന് 75,000 എണ്ണത്തിന് തുക നൽകിയിട്ടുണ്ട്.ഇനം (2) ആയി പ്ലാറ്റ്ഫോം തയ്യാറാക്കിയതിനും, ഇനം (4) ആയി കവർ നിറച്ചതിനും, ഇനം (5) ആയി തൈകൾ കവറിൽ നട്ടതിനും , ഇനം (6) ആയി വെള്ളമൊഴിച്ചതിനും 4/5/17,12 /5/17,5/6/17 എന്നീ തീയതികളിൽ അളവ് രേഖപ്പെടുത്തി 1,38,510/-രൂപയുടെ ബിൽ മാറി നൽകിയിട്ടുണ്ട്.

9.എം.ബുക്ക് പേജ് നം.18,19 എന്നിവയിൽ ഇനം (3) ആയി ഷെയ്ഡ് ഒരുക്കിയതിനും ഇനം(6) ആയി രണ്ടു നേരം വെള്ളമൊഴിച്ചതിനും ഇനം(7) ആയി ഒരു നേരം വെള്ളമൊഴിച്ചതിനും ഇനം (8) ആയി 60ദിവസം 2 പേരെ നഴ്സറി സംരക്ഷണത്തിന് നിയോഗിച്ചതുമായി 2/8/17 ൽ അളവ് രേഖപ്പെടുത്തി 99,020/-രൂപ ഫൈനൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

10.പ്രവൃത്തിക്കാവശ്യമായ കവർ, മണ്ണ്, ചാണകം, ചകിരിച്ചോർ തുടങ്ങിയവ ലഭ്യമാക്കുന്നതിന് പ്രോജക്ടിൽ തുക വകയിരുത്താതെ പ്രസ്തുത സാധനങ്ങൾ എങ്ങനെ ലഭ്യമായി എന്നും അവ ഉപയോഗിച്ച് എപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുന്ന രേഖകൾ ഇല്ല. ഗുണഭോക്താക്കൾ വഹിക്കേണ്ട തുക കൂടി വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടിൽ പ്രസ്തുത തുക കൂടി ചെലവ് ചെയ്തിട്ടുണ്ടെങ്കിലും കൃത്യമായ ഗുണഭോക്തൃലിസ്റ്റില്ലാതെ ആരാണ് ഗുണഭോക്താക്കളെന്നോ, അവർ എപ്രകാരം തുക ഒടുക്കിയെന്നോ തെളിയിക്കുന്ന

രേഖകൾ ഹാജരാക്കിയിരുന്നില്ല. മേൽ സൂചന അപാകതകളിൻമേൽ വിശദീകരണം തേടി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് കവർ, മണ്ണ്, ചാണകം, ചകിരിച്ചോർ എന്നിവ കൃഷി ഓഫീസർ ലഭ്യമാക്കിയെന്ന് മറുപടി നൽകുകയും വാർഡ് തലത്തിലും ഒരു സ്പോർട്സ് ക്ലബ്ബ് മുഖേനയും തൈകൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെൻറ് ഹാജരാക്കുകയും ചെയ്തു എന്നാൽ മേൽ പറഞ്ഞ വസ്തുക്കൾ വാങ്ങുന്നതിലേക്ക് കൃഷി ഓഫീസർ പ്രൊജക്റ്റ് നടപ്പാക്കിയിട്ടില്ല.കൃഷി ഓഫീസർ എപ്രകാരം പ്രസ്തുത സാധനങ്ങൾ എൻ. ആർ.ഇ.ജി.എസിനു ലഭ്യമാക്കിയെന്ന് വ്യക്തമാക്കുന്ന രേഖകളില്ല. അക്രഡിറ്റഡ് എൻജിനീയർ ഹാജരാക്കിയ വാർഡ് തല വിതരണ സ്റ്റേറ്റ്മെന്റിൽ ഏതെങ്കിലും വ്യക്തികളോ സംഘടനകളോ തൈകൾ കൈപ്പറ്റിയതായി വ്യക്തമാക്കുന്ന രേഖകളില്ല.

2018-19 വർഷം 28/5/18 ൽ പൂർത്തീകരിച്ച സമാന പദ്ധതിയായ നേഴ്സറി നിർമ്മാണ സൈറ്റ് 27/8/18 തീയതിയിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് എ.ഇയുടെ സാന്നിധ്യത്തിൽ പരിശോധന നടത്തിയതിൽ കാട്ടുമൂടി കിടക്കുന്ന രീതിയിൽ കുറെ കവറുകൾ യാതൊരു പരിചരണവും ലഭ്യമാകാതെ നശിച്ചു കിടക്കുന്നതായാണ് കണ്ടത്. കുറേ തൈകൾ വിതരണം ചെയ്തതായും അവശേഷിക്കുന്നവയാണ് ഇവയെന്നും അറിയിച്ചെങ്കിലും കൃത്യമായ വിതരണ രേഖ ഹാജരാക്കുന്നതിന് സാധിച്ചില്ല.

മേൽ സാഹചര്യത്തിൽ 2017-18 ലെ നേഴ്സറി നിർമ്മാണവും പദ്ധതി പ്പണവും എൻ.ആർ.ഇ.ജി.എസ് ഫണ്ട് ചെലവഴിക്കുന്നതിനായി മാത്രം ആവിഷ്കരിച്ച പദ്ധതികളാണെന്ന് വ്യക്തമാകുന്നു. തൈകൾ വാങ്ങുന്നതിനായി തനതു ഫണ്ടിനത്തിൽ ലഭ്യമായ തുകയും റെയ്ഡ്കോയുടെ കൈപ്പറ്റു രസീതിലെ തുകയും തമ്മിൽ 50,000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നതിനാലും ഒരുലക്ഷം തൈകൾ വാങ്ങിയതായി വ്യക്തമാക്കുന്ന രേഖ കൃഷി ഓഫീസർ ഹാജരാക്കിയപ്പോൾ 50,000 വിത്തുകളും 50,000 തൈകളുമാണ് ലഭ്യമായതെന്ന് വ്യക്തമാക്കുന്ന രേഖ അക്രഡിറ്റഡ് എഞ്ചിനീയർ ഹാജരാക്കിയതിനാലും തൈകൾ ലഭ്യമായി ഒരുമാസത്തിന് ശേഷമാണ് നഴ്സറികൾ തയ്യാറാക്കിയതെന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നതിനാലും ഗുണഭോക്താക്കൾ തൈകളുടെ വിതരണം എന്നിവ സംബന്ധമായ രേഖകൾ സാധുതയുള്ളവയല്ലാത്തതിനാലും നഴ്സറി തയ്യാറാക്കി തൈകൾ പരിപാലിച്ച് വിതരണം നടത്തിയതായി വ്യക്തമാകുന്നില്ല. ആയതിനാൽ എൻ.ആർ.ഇ.ജി.എസ് മുഖേന ചെലവഴിച്ച 2,37,530/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതിപ്രകാരമുള്ള വാങ്ങൽ, നഴ്സറി

തയ്യാറാക്കൽ, തൈകളുടെ വിതരണം, ഫലപ്രാപ്തി, എന്നിവയിൻമേൽ തുടരന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

| Sl no | FTO No | amount |
|---|---|---|
| 1 | KL1613007004240517 APB FTO 32132 | 5,796/- |
| 2 | KL1613007004240517 APB FTO35660 | 23,244/- |
| 3 | KL1613007004240517 APB FTO40363 | 29,748/- |
| 4 | KL1613007004240517 APB FTO40362 | 13,40/- |
| 5 | KL1613007004240517 APB FTO41353 | 36,984/- |
| 6 | KL1613007004240517 APB FTO47727 | 32,146/- |
| 7 | KL1613007004240517 APB FTO49088 | 13,40/- |
| 8 | KL1613007004240517 APB FTO 49089 | 11,524/- |
| 9 | KL1613007004240517 APB FTO 74671 | 16,080/- |
| 10 | KL1613007004240517 APB FTO82337 | 14,472/- |
| 11 | KL1613007004240517 APB FTO92003 | 34,572/- |
| 12 | KL1613007004240517 APB FTO 112689 | 30,284/- |
| | | 2,37,530/- |

ഓഡിറ്റ് എൻക്വയറി നം.19 തീയതി 29.9.18

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 5,50,218 | മീയണ്ണൂർ കണ്ണങ്കര എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 5,50,218 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,47,500 | ഭിന്നശേഷിയുള്ള കുട്ടികളുടെ | 2,44,800 | 2,700 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | പാൽ സബ്സിഡി | 2,00,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1,48,702 | പാലിയേറ്റീവ് കെയർ | 1,48,702 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 3,82,500 | നെൽകൃഷി വികസനം | 3,82,500 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 3,00,000 | ചെറുന്നിക്കര പോയ്ക റോഡ് | 3,00,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1,00,000 | ഭിന്നശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 50,000 | 50,000 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1,00,000 | അനുപൂരക പോഷകാഹാരം | 1,00,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1,50,000 | ടി ബി ആശുപത്രി ഇലവിൻമൂട്ട് റോഡ് | - | 1,50,000 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 4,00,000 | പാകിസ്ഥാൻമുക് മുളവനമുക്ക് റോഡ് | 4,00,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 3,00,000 | പുതിയേടത്ത് പറയൽകുഴി റോഡ് | | 3,00,000 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 2,50,000 | വകലിക മജിസ്ട്രേറ്റ് | 2,50,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 2,50,000 | കുളപ്പാട്ട കല്ലുംവിള റോഡ് | 2,50,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 8,00,000 | പാൽ സബ്സിഡി | 8,00,000 | |
| | | 41,78,920 | | 36,76,220 | 5,02,700 |

## **4-2** <u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മീയണ്ണൂർ കണ്ണങ്കര എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 73/2556, 7.11.17 | 6,72,489 | | 6,72,489 |
| കേരള വാട്ടർ അതോറിറ്റി | പുലിയിലസംഘം കോളനി ഗാർഹിക വാട്ടർ കണക്ഷൻ | 130/2117, 24.3.18 | 7,46,750 | | 7,46,750 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS | GO(P)316/2010/ LSGD/28.1.2010 | 2,54,64,000 | 45,89,013 | 20,00,000 | - | 25,89,013 |

:

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ

വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1- | കോപ്പറേറ്റിവ് സ്പ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 9.7.1980 | - | 2,000/- | |
| 2- | കോല്ലം കോപ്പറേറ്റിവ് ഗ്രൂപ്പ് ഹോസ്പ്പിറ്റൽ സൊസൈറ്റി | 29.1.1978 | - | 1,000/- | |
| ആകെ | | | | 3,000/- | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,876/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2009-10 | 2.1(C) | 18 | സെക്രട്ടറി. നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | 117010101811/ 11.8.17 |
| 1996-97 | 27 | 366 | സെക്രട്ടറി. നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | 117010107020/ 8.2.2018 |
| 2016-17 | 3.12 | 4492 | വിശ്വനാഥൻ, കോൺട്രാക്ടർ | 117010107020/ 23.2.2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 3.12 | തറവിസ്തീർണ്ണത്തിന് ആനുപാതികമായി അധിക പെർമിറ്റ് ഫീസ് ഈടാക്കാത്തതിനാൽ 1,37,400/- രൂപ നഷ്ടം | - |
| 2014-15 | 3.1 | 2016-17 | 4.1.3. | മാർക്കറ്റ് അടിസ്ഥാന സൗകര്യ വികസന അതിർത്തി നിർണ്ണയിക്കാത്തതിനാൽ മതിൽക്കെട്ട് പൂർത്തീകരിച്ചില്ല | - |
| 2014-15 | 3.2 | 2016-17 | 4.6.1 | അംഗനവാടികളിൽ അപര്യാപ്തമായ സൗകര്യങ്ങൾ | - |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,03,50,955 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,95,72,740 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5,47,024 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 67,02,682 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 24,898/-രൂപ | ശ്രീ.പ്രദീപ്കുമാർ.എൻ, അസിസ്റ്റന്റ്എഞ്ചിനീയർ |
| 3.3 | | 4,500/-രൂപ | Dr.അനീഷ്.പി.ഐ മെഡിക്കൽ ഓഫീസർ, PHC |
| 3.4 | | 8,240/-രൂപ | ശ്രീ.ഹാരിസ്മുഹമ്മദ്കോയ, സെക്രട്ടറി |
| 3.5 | | 7,800/-രൂപ | ശ്രീമതി.സുജിത.എസ്, ഐ.സിഡി.എസ് സൂപ്പർവൈസർ |
| 3.10 | | 2,64,056/-രൂപ | ശ്രീമതി.അനിതകുമാരി ഹെഡ്മിസ്ട്രസ് |
| 3.16 | | 2,37,530/-രൂപ | ശ്രീമതി.മിനിലൂക്കോസ്, അക്രഡിറ്റഡ്എൻജിനീയർ, എൻ.ആർ.ജി.എസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 28,94,625/-രൂപ | ശ്രീമതി.കസ്തൂരി.പി.റ്റി, കൃഷി ഓഫീസർ |
| 3-12 | 41,260/-രൂപ | ശ്രീമതി.അനിത കുമാരി, ഹെഡ്മിസ്ട്രസ്സ് |
| 3-13 | 1,99,845/-രൂപ | ശ്രീ.ഹാരിസ് മുഹമ്മദ് കോയ, സെക്രട്ടറി |
| 3.14 | 3,45,000/-രൂപ | അനീഷ്.പി.ഐ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3.15 | 22,42,952/-രൂപ | ശ്രീമതി.ഷൈനി.ബി.എസ്, |

| | | |
|---|---|---|
| | | അസിസ്റ്റന്റ് സെക്രട്ടറി |
| 3.15 | 9,79,000/-രൂപ | ശ്രീ.ഹാരിസ് മുഹമ്മദ് കോയ<br>,<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപ്കുമാർ.എൻ, അസിസ്റ്റൻറ് എഞ്ചിനീയർ | അസിസ്റ്റൻറ് എൻജിനീയർ, ആലപ്പുഴ ജില്ലാ ഓഫീസ്. | തുലിക,പ്ലക്കാട്, ആദിച്ചനല്ലൂർ, കൊല്ലം |
| ശ്രീ.ഹാരിസ്മുഹമ്മദ്കോയ, സെക്രട്ടറി | സെക്രട്ടറി, നെടുമ്പന ഗ്രാമപഞ്ചായത്ത് | പണ്ടകശാല വീട്, പ്രാക്കുളം.പി.ഒ, കൊല്ലം. |
| ശ്രീമതി.സുജിത.എസ്, ഐ.സിഡി.എസ് സൂപ്പർവൈസർ | ഐ.സിഡി.എസ് സൂപ്പർവൈസർ, നെടുമ്പന ഗ്രാമപഞ്ചായത്ത് | ആതിരാഭവൻ, ചാത്തന്നൂർ.പി.ഒ, കൊല്ലം. |
| അനീഷ് .പി.ഐ, മെഡിക്കൽ ഓഫീസർ, PHC | PHC നെടുമ്പന | പൂവേട്ട് ചരുവിള വീട്, പൂയപ്പള്ളി, കൊല്ലം. |
| ശ്രീമതി.കസ്തൂരി.പി.റ്റി കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന | കൗസ്തുഭം, ജെ.ആർ.എ 426, |

| | | |
|---|---|---|
| | കർഷക ക്ഷേമവകുപ്പ്, തിരുവനന്തപുരം. | ജയ് നഗർ<br>തിരുവനന്തപുരം |
| ശ്രീമതി.അനിത കുമാരി, ഹെഡ്മിസ്ട്രസ്സ് | ഗവൺമെന്റ്<br>യു.പി.എസ്<br>നെടുമ്പന | കണ്ണാട്ട് വീട്, കൊട്ടറ, മീയണ്ണൂർ.പി.ഒ |
| ശ്രീമതി.ഷൈനി.ബി.എസ്, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>അലനെല്ലൂർ<br>ഗ്രാമപഞ്ചായത്ത്,<br>പാലക്കാട് | വാസന്തിഭവനം,<br>തഴുത്തല,<br>കൊട്ടിയം പി.ഒ<br>കൊല്ലം |
| ശ്രീമതി.മിനിലൂക്കോസ്,<br>അക്രഡിറ്റഡ്എൻജിനീയർ,<br>എൻ.ആർ.ജി.എസ് | അക്രഡിറ്റഡ്എൻജിനീയർ, നെടുമ്പന ഗ്രാമപഞ്ചായത്ത് | കെ.എൽ.എം.ഹൗസ്<br>മീയണ്ണൂർ.പി.ഒ,<br>കൊല്ലം-691537 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2005-06 | കെ,എസ്സ്.എ.കെ.എൽ.എം.പി7/415/2018, 26-2-18 |
| 2006-07 | എൽ.എഫ്.ക്യൂ.പി1/1236/14(7)/14, 13.6.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി1/1236(7)/14(7)/14, 13.6.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി1/1236(8)/14(7)/14, 13.6.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി1/1236/14(10)/14, 13.6.14 |
| 2010-11-2011-12 | എൽ.എഫ്.ക്യൂ.പി1/1236/14(11)/14, 13.6.14 |
| 2012-13-2013-14 | എൽ.എഫ്.ക്യൂ.പി1/122222/14, 4.3.15 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി1/22222/14, 4.3.15 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/17, 22.1.18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/18,22.1.18 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാഓഡിറ്റ്കാര്യാലയം, കൊല്ലം.

## അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം **2017-18**

നം:കെ.എസ്.എ.കെ.എൽ.എം.പി7-1868/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
പിൻ-691 001, ph:0474 – 2740141
E-mail:doklm.ksad@kerala.gov.in

തീയതി:26.2.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്